"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം -ജീവനക്കാര്യം -2022-2024 കാലയളവിലെ M-tech Translational Engineering Course- അസി.എഞ്ചിനീയേഴ്സിന് പഠനാനുമതി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.196/2023/LSGD   തീയതി,തിരുവനന്തപുരം, 23-01-2023

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2022, 17.12.2022, 06.01.2023 എന്നീ തീയതികളിലെ ഇ3-10602/2022/സിഇ/തസ്വഭവ നം. കത്ത്.
2. ശ്രീമതി.ഷീജമോൾ.എസ് , ശ്രീ. സാദിർ ഇബ്നു കാസിം.റ്റി എന്നീ അസി.എഞ്ചിനീയേഴ്സ് 05.01.2023 തീയതിയിൽ സമർപ്പിച്ച സമ്മത പത്രം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശ കത്തിൽ അസി.എഞ്ചിനീയർമാരായ ശ്രീമതി.ഷീജമോൾ.എസ് , ശ്രീ. സാദിർ ഇബ്നു കാസിം.റ്റി എന്നിവർക്ക് ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ 2022-2024 കാലയളവിലെ M-tech Translational Engineering Course- പഠനത്തിനായി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിന് സർക്കാർ ഉത്തരവിനു വിധേയമായി NOC അനുവദിച്ചുവെന്നും തുടർന്ന് ഇവർക്ക് അഡ്മിഷൻ ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത കോഴ്സിൽ ചേരുന്നതിനായി അനുമതി നൽകണമെന്നുമാണ് പരാമർശ കത്തിനാൽ അഭ്യർത്ഥിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം, പരിശോധിച്ചു. പരാമർശ കോഴ്സ് പഠിക്കുന്നതിലൂടെ ആർജിക്കുന്ന അക്കാദമിക് മികവും അനുഭവ പാഠങ്ങളും സർവ്വീസിൽ നിന്ന് നിയോഗിക്കുന്നവരെന്ന നിലയ്ക്ക് ടി ഉദ്യോഗാർത്ഥികൾ വകുപ്പിന്റെ പുരോഗതിയ്ക്കും മെച്ചപ്പെടലിനുമായി വിനിയോഗിക്കേണ്ടതുണ്ട്. ഈ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം കോഴ്സുകൾക്കായി സർക്കാർ ഉദ്യോഗസ്ഥരെ നിയോഗിക്കാറുള്ളതും. എന്നാൽ ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, പരാമർശ കോഴ്സിലൂടെ ആർജിക്കുന്ന അനുഭവസമ്പത്തും പരിജ്ഞാനവും അവർ പണിയെടുക്കുന്ന വകുപ്പിന്റെ/സർക്കാരിന്റെ താൽപ്പര്യത്തിനും പുരോഗതിക്കും ഉപയോഗിക്കുന്ന ഗുണപരമായ സാഹചര്യം കണ്ടുവരുന്നില്ല. മേൽ സാഹചര്യത്തിൽ ഇത്തരം കോഴ്സുകൾക്ക് അനുയോജ്യമായി വേണ്ടുന്ന നിർദ്ദേശങ്ങളും നിയമാവലികളും നിബന്ധനകളും അടങ്ങിയ സമഗ്രമായ നയതീരുമാനം കൈക്കൊള്ളാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരിക്കുകയാണ്.

3. ഈയൊരു സാഹചര്യത്തിലും പരാമർശ ആവശ്യം സർക്കാർ അനുഭാവപൂർവ്വം

പരിശോധിച്ചു. ഇതിനകം ചീഫ് എഞ്ചിനീയർ നൽകിയ NOC യെ അധികരിച്ച് അഡ്മിഷൻ ലഭിച്ചതിനാലും, പ്രസ്തുത കോഴ്സിലൂടെ ആർജിക്കുന്ന പ്രായോഗിക പരിചയം വകുപ്പിൽ മുതൽക്കൂട്ടാവുമെന്ന വസ്തുത കണക്കിലെടുത്തും അസിസ്റ്റന്റ് എഞ്ചിനിയർമാരായ ശ്രീമതി.ഷീജമോൾ.എസ് , ശ്രീ. സാദിർ ഇബ്ന കാസിം.റ്റി എന്നീ ഉദ്യോഗസ്ഥർക്ക് 2022-2024 കാലയളവിലെ M-tech Translational Engineering Course-ൽ ചേരുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത കോഴ്സിന്റെ പഠനചെലവ് ടി ഉദ്യോഗസ്ഥർ വഹിക്കേണ്ടതാണ്. കോഴ്സിന്റെ കാലയളവ് ക്രമീകരിക്കുന്ന കാര്യം മേൽപ്പറഞ്ഞ നയപരമായ തീരുമാനത്തിന് വിധേയമായി പിന്നീട് തീരുമാനിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി.ഷീജമോൾ.എസ് , ശ്രീ. സാദിർ ഇബ്ന കാസിം.റ്റി അസി. എഞ്ചിനീയേഴ്സിന് (ചീഫ് എൻജിനീയർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തൃശ്ശൂർ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. വെബ്ബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Subha S
Date: 23-01-2023 16:54:46
സെക്ഷൻ ഓഫീസർ